ലൈക് പേജ്

basheerudheentp@gmail.com
ബഷീർ തൃപ്പനച്ചി

കാലത്തിനനുസരിച്ച് മാറുന്നത് മൂല്യങ്ങളല്ല, മൂല്യങ്ങളോടുള്ള മനുഷ്യന്റെ സമീപനമാണ്. മൂല്യങ്ങൾ കാലാതീതമാണ്. ഓരോ കാലത്തും അധികാരം വാഴുന്ന വ്യവസ്ഥയുടെയും ദർശനത്തിന്റെയും സ്വാധീനം മനുഷ്യരിലുണ്ടാകും. വ്യക്തി സ്വാതന്ത്ര്യവും ലിബറലിസവും ചോദ്യം ചെയ്യാൻ പാടില്ലാത്ത 'മൂല്യങ്ങളാ'യി കണക്കാക്കപ്പെടുന്ന ഇക്കാലത്ത് മതങ്ങളും മതവിശ്വാസികളും പറയുന്ന മൂല്യങ്ങൾ പിന്തിരിപ്പനാവുക സ്വാഭാവികം.

# സദാചാരമെന്നത് ഒരു അശ്ലീലപദമാണ്

**ചി**ല തീവ്രനിലപാടുകൾ നേർവിരുദ്ധമായ അതിതീവ്രതകൾ ഉൽപാദിപ്പിക്കാറുണ്ട്. മധ്യകാല ക്രൈസ്തവ യൂറോപ്പ് കുടുംബജീവിതവും ലൈംഗികതയും ഒഴിവാക്കാൻ കഴിയാത്ത ഒരു ശല്യമെന്ന നിലക്കാണ് അംഗീകരിച്ചിരുന്നത്. ബ്രഹ്മചര്യത്തെ വിശുദ്ധവും ലൈംഗികതയെ പാപവുമായാണ് സഭ പരിഗണിച്ചത്. മധ്യകാല യൂറോപ്പിലെ പൗരോഹിത്യത്തിനും അജ്ഞതക്കും അക്രമങ്ങൾക്കുമെതിരെ പ്രതിവിപ്ലവമുണ്ടായപ്പോൾ അതുവരെ പാപമായി കണക്കാക്കിയിരുന്ന ലൈംഗികതയെ സ്വതന്ത്രമായ ഏർപ്പാടായി പ്രഖ്യാപിച്ചു. അങ്ങനെ ബ്രഹ്മചര്യം എന്ന തീവ്രത ഉദാര ലൈംഗികത എന്ന മറ്റൊരു തീവ്രതക്ക് വഴിമാറി. വിവാഹത്തിന് പകരം ബാധ്യതകളില്ലാത്ത സഹജീവിതവും അരാജകമായ ലൈംഗിക സ്വാതന്ത്ര്യവും പുരോഗമനവും വിപ്ലവകരവുമായ ആശയമായി. കഴിഞ്ഞകാല സമൂഹങ്ങളിലെല്ലാം പരസ്ത്രീബന്ധം മറക്കുള്ളിൽ നടന്നിട്ടുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഇക്കാലത്ത് കപട സദാചാരത്തിന്റെ ആ മറ ആവശ്യമില്ല. വേശ്യകൾ എന്നുവിളിച്ച് അവരെ ഇരുട്ടിലേക്ക് മാറ്റി നിർത്തേണ്ടതുമില്ല. പകരം അത് ലൈംഗിക തൊഴിലായി അംഗീകരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരികയാണ് വേണ്ടത് എന്ന് അവർ വാദിച്ചു. ചില രാജ്യങ്ങൾ ലൈംഗിക തൊഴിൽ എന്ന പേരിൽ, വ്യഭിചാരത്തിനു വേണ്ടി വെടിപ്പുള്ള വേശ്യാലയങ്ങൾ അനുവദിച്ചതും മറ്റു ചില രാഷ്ട്രങ്ങൾ സ്വവർഗരതി നിയമവിധേയമാക്കിയതും ഈ ലിബറൽ വ്യവസ്ഥയുടെ ഭാഗമായായിരുന്നു. മനുഷ്യനിലെ ജന്തുത്വത്തെ ആഘോഷിക്കുന്ന ആനന്ദാധിഷ്ഠിതമായ ഈ 'മൂല്യവ്യവസ്ഥ' വളർത്താൻ ഡാർവിനിസവും ഫ്രോയ്ഡിസവുമെല്ലാം പരമാവധി പ്രയോജനപ്പെടുത്തി. ഉദാര ലൈംഗികതയെന്ന ഈ 'പുരോഗമന'ത്തിന്റെ മറവിലാണ് രതിവ്യവസായവും (പോൺ ഇൻഡസ്ട്രി) സെക്സ് ടൂറിസവുമെല്ലാം തഴച്ചുവളർന്നത്.



എല്ലാം മാർക്കറ്റ് ചെയ്യുന്ന പാശ്ചാത്യ മുതലാളിത്തം തങ്ങൾ കണ്ടെത്തിയ പുതിയ 'മൂല്യവ്യവസ്ഥ'യും ഇതര രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു. അങ്ങനെയാണ് വ്യക്തി സ്വാതന്ത്ര്യവാദവും ഉദാര ലൈംഗികതയുമെല്ലാം ഇന്ത്യയിലും മറ്റു പൗരസ്ത്യ രാജ്യങ്ങളിലും എത്തുന്നത്. പാശ്ചാത്യമായതെന്തും പുരോഗമനമായതിനാൽ വ്യക്തി സ്വാതന്ത്ര്യവാദവും ഉദാര ലൈംഗികതയുമെല്ലാം പെട്ടെന്നു തന്നെ സ്ഥാപനവൽക്കരിക്കപ്പെട്ടു. അവയെ അംഗീകരിക്കാത്തവരെല്ലാം പിന്തിരിപ്പന്മാരായി. ധാർമികതയും അതിന്റെയടിത്തറയിലുള്ള കുടുംബവ്യവസ്ഥയെയുമെല്ലാം പ്രതിനിധീകരിക്കുന്ന ദൈവ കേന്ദ്രീകൃത (God Oriented) സംസ്കാരത്തിന് പകരം, ശരീരത്തിന്റെ ഉടമ താനാണെന്നും, ശരിയും തെറ്റും തീരുമാനിക്കാനുള്ള അധികാരം തനിക്കാണെന്നുമുള്ള മനുഷ്യ കേന്ദ്രീകൃത(Man Oriented) സംസ്കാരം പുരോഗമനമായി. മതങ്ങൾ പരിചയപ്പെടുത്തുന്ന സനാതന മൂല്യങ്ങൾ എന്നത് ഒരു കെട്ടുകഥയാണ്. അങ്ങനെയൊന്നില്ല. ഓരോ കാലത്തെയും മനുഷ്യരാണ് അതത് കാലത്തെ മൂല്യങ്ങളെ നിർണയിക്കേണ്ടത്. വ്യക്തികൾക്ക് ആനന്ദവും ആഹ്ലാദവും നൽകുന്നതെന്തോ അതാണ് അവരുടെ നന്മ. മറ്റൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കാത്തിടത്തോളം ഒരാൾക്ക് എന്തും ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. ഉത്തരാധുനികതയുടെയും ലിബറലിസത്തിന്റെയുമെല്ലാം പേരിൽ കേരളത്തിലടക്കം പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ ഉദാര ലൈംഗികതയുടെ ഭാഗമായി വേണം എറണാകുളത്തെ 'ചുംബന സമര'ത്തെയും തെരുവിലും കാമ്പസുകളിലുമടക്കമുള്ള അതിന്റെ തനിയാവർത്തനങ്ങളെയും കാണേണ്ടത്. ഒറ്റ നോട്ടത്തിൽ നിർദോഷകരമെന്ന് തോന്നുന്ന 'ചുംബന സമരം' ഈ ലിബറൽ സാംസ്കാരിക കടന്നുകയറ്റത്തിന്റെ ഭാഗമാണ്. ചുംബനത്തെ ലൈംഗികതയുടെ ഭാഗമായല്ല തങ്ങൾ കാണുന്നതെന്ന് സമരസംഘാടകരിൽ ചിലർ ആവർത്തിച്ചപ്പോഴും സമരത്തെ അനുകൂലിച്ച് ചാനലുകളടക്കമുള്ള വാർത്താമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടവർ ചോദ്യം ചെയ്തത് മതങ്ങളുടെ സദാചാര നിയമങ്ങളെയായിരുന്നു. സദാചാരമെന്നത് അതത് കാലത്തെ മനുഷ്യരാണ് തീരുമാനിക്കേണ്ടതെന്നായിരുന്നു ഉദാര ലൈംഗികതയുടെ അംബാസഡർമാരായ അവരെല്ലാവരും ഒരേ സ്വരത്തിൽ ആവർത്തിച്ചത്.

യഥാർഥത്തിൽ കാലത്തിനനുസരിച്ച് മാറുന്നത് മൂല്യങ്ങളല്ല, മൂല്യങ്ങളോടുള്ള മനുഷ്യന്റെ സമീപനമാണ്. മൂല്യങ്ങൾ കാലാതീതമാണ്. ഓരോ കാലത്തും അധികാരം വാഴുന്ന വ്യവസ്ഥയുടെയും ദർശനത്തിന്റെയും സ്വാധീനം മനുഷ്യരിലുണ്ടാകും. വ്യക്തി സ്വാതന്ത്ര്യവും ലിബറലിസവും ചോദ്യം ചെയ്യാൻ പാടില്ലാത്ത 'മൂല്യങ്ങളാ'യി കണക്കാക്കപ്പെടുന്ന ഇക്കാലത്ത് മതങ്ങളും മതവിശ്വാസികളും പറയുന്ന മൂല്യങ്ങൾ പിന്തിരിപ്പനാവുക സ്വാഭാവികം. ഒരു മറയുടെ പിന്നിൽ നിർവഹിക്കണമെന്ന് മതവും സംസ്കാരവും പരിചയപ്പെടുത്തുന്നതെല്ലാം കപട സദാചാരമാണ് എന്ന് പറയുന്നവർ, കിടപ്പറയെന്ന മറക്ക് പിന്നിലെ ലൈംഗികതയും ശരീരത്തെ മറക്കുന്ന വസ്ത്രവുമെല്ലാം കപട സദാചാരത്തിന്റെ അടയാളമാണെന്ന് സമർഥിക്കാൻ അധിക സമയം വേണ്ടിവരില്ല. അതുകൊണ്ട് കൂടിയായിരിക്കാം സദാചാരമെന്ന വാക്കാണ് ഏറ്റവും വലിയ അശ്ലീലമെന്ന് ചിലർ മുൻകൂറായി പ്രഖ്യാപിച്ചിരിക്കുന്നത്. ■

Vol. No: 71 Issue No. 24 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla